# ഹരിതം സഹകരണം

ജി(4) 66709/2018.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 11.05.2018.

## സർക്കുലർ നമ്പർ 30/2018

വിഷയം: സഹകരണ വകുപ്പ്–പരിസ്ഥിതി സംരക്ഷണം–ഹരിതം സഹകരണം–നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേരള സർക്കാർ തുടക്കം കുറിച്ച ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്ന ദൗത്യം 2017ൽ സഹകരണവകുപ്പ് ഏറ്റെടുത്ത് നടത്തു കയുണ്ടായി. “ഹരിതം സഹകരണം” എന്ന പേരിൽ നടത്തിയ ഈ പദ്ധതി വലിയ വിജയമായിരുന്നു. അതിന്റെ തുടർച്ചയായി 2018 മുതൽ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി “ഹരിതം സഹകരണം” പദ്ധതി വിപുലമായ ആശയത്തോടെ നടപ്പാക്കുകയാണ്. കേരളത്തിന്റെ പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി അടുത്ത 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷ തൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചു പിടിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. “ Theme Trees of Kerala” എന്ന പേരിൽ ആവിഷ്ക്കരിക്കുന്ന ഈ പദ്ധതിയിലൂടെ പ്ലാവ്, കശുമാവ്, തെങ്ങ്, മാവ്, പുളി, എന്നീ മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നത്. ഈ വൃക്ഷങ്ങളൊക്കെ തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രിയപ്പെട്ടവയാണ്.

## ഒന്നാം വർഷം: 2018 ജൂൺ 5-ാം തീയതിയിലെ പരിപാടി

ഒന്നാം വർഷം വച്ചുപിടിപ്പിക്കാനുദ്ദേശിക്കുന്നത് പ്ലാവ് ആണ്. കേരള സർക്കാർ ചക്കയെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചു. ചക്കയുടെ പ്രാധാന്യം എല്ലായിടത്തും എത്തിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ വളരുന്ന ചക്ക ലോകത്തിലെ ഫലവൃക്ഷങ്ങളിൽ ഏറ്റവും വലുതാണ്. പോഷകങ്ങളുടെ കലവറയാണ് ചക്ക. വൈറ്റമിൻ, മിനറൽസും ഫൈബറുമൊക്കെ ചക്കയിൽ

സമൃദ്ധമാണ്. ദരിദ്രരുടേയും സാധാരണക്കാരുടേയും വിശപ്പടക്കാനുള്ള വിള എന്നതിലുപരി വലിയ വിപണി സാദ്ധ്യതകളിലേക്ക് ചക്ക മാറുകയാണ്. ചക്കയുടെ ആരോഗ്യദായക ഗുണങ്ങൾ വെളിപ്പെട്ടതോടെ ചക്കയ്ക്ക് വലിയ പ്രാധാന്യം കൈവന്നിരിക്കുകയാണ്. അതോടൊപ്പം തന്നെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ചക്കയിൽ നിന്നും ഉല്പാദിപ്പിക്കുന്ന അവസ്ഥ കൈവന്നിരിയ്ക്കുന്നു. വരും വർഷങ്ങളിൽ ചക്കയെ കേന്ദ്രീകരിച്ച് വിപണി ശക്തമാകും. അതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## രണ്ടാം വർഷം : 2019 ജൂൺ 5-ാം തീയതിയിലെ പരിപാടി

രണ്ടാം വർഷത്തിൽ കശുമാവ് ആണ് വച്ചുപിടിപ്പിക്കുന്നത്. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ശക്തമായ സാന്നിദ്ധ്യമാണ് കശുവണ്ടിവ്യവസായം. ആവശ്യമായ വിഭവങ്ങൾ ലഭ്യമല്ലാത്തതിന്റെ കാര്യത്തിൽ ഈ വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. അതിനുള്ള പരിഹാരമായിട്ടാണ് തദ്ദേശീയമായി തന്നെ ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നത്. കേരളത്തിൽ സജീവമായി നിന്നിരുന്ന കശുമാവ് കൃഷി തിരിച്ചു കൊണ്ടുവരുവാൺ കഴിഞ്ഞാൽ ഇതിനൊരുപരിഹാരമാകും. സുലഭമായി കശുവണ്ടി ലഭ്യമാക്കിയാൽ പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കാനാകും. സഹകരണ മേഖലയിലെ തന്നെ കശുവണ്ടി സഹകരണ സംഘങ്ങളെ ശക്തമാക്കാനും ഇതുപകരിക്കും.

## മൂന്നാം വർഷം : 2020 ജൂൺ 5-ാം തീയതിയിലെ പരിപാടി

മൂന്നാം വർഷത്തിൽ ഒരു ലക്ഷം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.കേരളത്തിന്റെ അഭിമാന മാണ് കേര വൃക്ഷം. കേരളത്തിലായിരുന്നു ഏറ്റവുമധികം തെങ്ങുകൾ. ഇന്ന് അത് മറ്റു സംസ്ഥാനങ്ങളും രാജ്യങ്ങളും കയ്യടക്കിയിരിക്കുകയാണ്. ഉത്പാദന ത്തിലും ഉത്പാദനശേഷിയിലും നാം വളരെ പിന്നോട്ട് പോയി. അത് തിരിച്ചു പിടിക്കാനും കേരളത്തിന്റെ നഷ്ട പ്രതാപം വീണ്ടെടുക്കാനും ഒരു കൈത്താങ്ങ് എന്നനിലയിൽ 1 ലക്ഷം തെങ്ങിൻ തൈകൾ ഈ വർഷം വച്ചു പിടിപ്പിക്കാനാണുദ്ദേശിക്കുന്നത്.

## നാലാം വർഷം:2021 ജൂൺ 5-ാം തീയതിയിലെ പരിപാടി

നാലാം വർഷത്തിൽ ഒരു ലക്ഷം പുളിമരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളം വികസിക്കുന്നതിനനുസരിച്ച് മലിനീകരണവും കൂടുന്നതിനുള്ള

സാദ്ധ്യതകളാണ് നിലവിലുള്ളത്. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ അന്തരീക്ഷത്തെയും വലിയ തോതിൽ ബാധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ ചെറുക്കാൻ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതിനുള്ള ഫലപ്രദമായ പദ്ധതികളിൽ ഒന്ന് മരം വച്ചുപിടിപ്പിക്കുക എന്നതാണ്. അതിന് അനുയോജ്യമായ മരങ്ങളിൽ ഒന്നാണ് പുളി മരം. അന്തരീക്ഷത്തിലെ നൈട്രജന്റെയും സൾഫറിന്റെയും ഓക്സൈഡുകളെ നിയന്ത്രിക്കുന്നതിന് പുളിമരത്തിന് വലിയ കഴിവുണ്ട്. അതുകൊണ്ടു തന്നെ ഹരിതം സഹകരണം പദ്ധതി പ്രകാരം ഒരു ലക്ഷം പുളിമരങ്ങൾ വച്ചുപിടിപ്പിക്കുക എന്നത് പരിസ്ഥിതി സംരക്ഷണത്തിന് ഏറ്റവും സഹായകരമാണ്.

## അഞ്ചാം വർഷം :2022 ജൂൺ 5-ാം തീയതിയിലെ പരിപാടി

അഞ്ചാം വർഷത്തിൽ **നാര് കൂടുതലുള്ള** ഒരു ലക്ഷം നാടൻ മാവിൻ തൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്.വളരെ പുരാതനമായ ഫല വൃക്ഷമാണ് മാവ്. മാങ്ങ നമ്മുടെ ദേശീയ ഫലമാണ്.സമശീതോഷ്ണ മേഖലയിലെ ഫല വൃക്ഷങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്നു ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ഈ നിത്യഹരിതമരം.അനേകം ഇനങ്ങളുള്ള മാങ്ങ ലോകവിപണിയിൽ പ്രസിദ്ധമാണ്.ചക്കയെപ്പോലെ തന്നെ വിവിധ തരം ഭക്ഷ്യവസ്തുക്കളും മൂല്യവർദ്ധിത ഉല്പന്നങ്ങളും മാങ്ങയിൽ നിന്നും നിർമ്മിക്കാനാകും. മനുഷ്യന് ഗുണകരമായ ഒട്ടേറെ രാസഘടകങ്ങളടങ്ങിയ മാങ്ങയ്ക്ക് ആയുർവേദത്തിലും മലയാളിയുടെ സാംസ്കാരികജീവിതത്തിലും വലിയ സ്വാധീനമാണ് ഈ വൃക്ഷം ചെലുത്തുന്നത്. വരും കാലങ്ങളിൽ കൂടുതൽ പ്രാധാന്യം കൈവരാൻ പോകുന്ന ഒന്നായി മാങ്ങ മാറുകയാണ്. എന്നാൽ വർഷംകഴിയുംതോറും മാവുകളുടെ എണ്ണം കുറഞ്ഞുവരുന്നു. ഇതിനൊരു പരിഹാരം കൂടിയാണ് പുതിയതായി 1 ലക്ഷം നാടൻ മാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

## പദ്ധതി നടപ്പിലാക്കുന്ന വിധം

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ഇത് നടപ്പിലാക്കാനാകും. ഈ പദ്ധതിയുടെ ആദ്യ വർഷമായ 2018 ജൂൺ 5ന് കേരളത്തിൽ 1 ലക്ഷം പ്ലാവിൻ തൈകൾ നടുന്നതിനുള്ള പദ്ധതി ആവിഷ്കരിയ്ക്കണം. ആയതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലോക പരിസ്ഥിതി ദിനമായ ജൂൺ മാസം 5–ാം തീയതി മുതൽ ജൂൺ മാസം 20–ാം തീയതി വരെയുള്ള കാലയളവിൽ ആണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.
2. ഓരോ സഹകരണസംഘങ്ങളും ആവശ്യമായ തൈകൾ അവർ തന്നെ ഉത്പാദിപ്പിക്കണം.
3. ഒരു സംഘം ഏറ്റവും കുറഞ്ഞത് 10 തൈകൾ നട്ട് പരിപാലിക്കണം. ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളെയും (ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള സംഘങ്ങളും) ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കണം. അതു വഴി ഒട്ടും തന്നെ പ്രവർത്തനമില്ലാത്ത സംഘങ്ങളെ ഈ പ്രസ്ഥാനത്തോട് കൂടുതൽ അടുപ്പിച്ച് മറ്റു പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രചോദനം നൽകാനാകും.
4. എല്ലാ സഹകരണ സ്ഥാപനങ്ങലും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധകാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടു പരിപാലിക്കേണ്ടതാണ്.
5. സംസ്ഥാനം/ജില്ല/താലൂക്ക് തലങ്ങളിൽ ഉദ്ഘാടനപരിപാടികൾ സംഘടിപ്പിക്കണം.
6. പരമാവധി വൃക്ഷത്തൈകൾ മെമ്പർമാർക്ക്/പൊതുജനങ്ങൾക്ക് നൽകണം. വൃക്ഷത്തൈകൾ നൽകുന്നതിനോടൊപ്പം പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ച് സെമിനാറുകൾ/ ചർച്ചാക്ളാസുകൾ എന്നിവ നടത്തേണ്ടതാണ്.
7. പദ്ധതിയുടെ പ്രചരണാർത്ഥം ബാനറുകളും മറ്റു പരസ്യ മാർഗ്ഗങ്ങളും ഉപയോഗിച്ച് പദ്ധതി ജനകീയ പങ്കാളിത്തത്തോടെ വിജയകരമാക്കേണ്ടതാണ്. താലൂക്ക് തലത്തിൽ പദ്ധതിയുടെ നടത്തിപ്പും ഏകോപനവും സർക്കിൾ സഹകരണ യൂണിയൻ നിർവ്വഹിക്കേണ്ടതാണ്.

ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനും അവലോകനത്തിനും ജോയിന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രവർത്തന പുരോഗതി റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഫോട്ടോ അടക്കമുള്ള റിപ്പോർട്ട്

editorprorcs@gmail.com എന്ന വിലാസത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കണം. ഇത്തരം പ്രവർത്തനങ്ങൾ സഹകരണ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയാണ്.മികച്ച പ്രവർത്തനങ്ങൾ ഓരോ വർഷവും വിലയിരുത്തുന്നതും ക്യാഷ് അവാർഡ് ഉൾപ്പടെയുള്ള സമ്മാനങ്ങൾ ജില്ലാ തലത്തിൽ വിതരണംചെയ്യുന്നതുമാണ്.

പദ്ധതിക്ക് ആവശ്യമായ ചെലവ് 10,000/- രൂപയിൽ അധികരിക്കാതെ പൊതുനന്മാഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.
ജില്ലാ തിരിച്ചുള്ള ടാർജറ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

**ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | സംഘങ്ങളുടെ എണ്ണം | നടേണ്ട വൃക്ഷതൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 1000 | 10000 |
| കൊല്ലം | 800 | 8000 |
| പത്തനംതിട്ട | 500 | 5000 |
| ആലപ്പുഴ | 600 | 6000 |
| കോട്ടയം | 700 | 7000 |
| ഇടുക്കി | 400 | 4000 |
| എറണാകുളം | 1000 | 10000 |
| തൃശ്ശൂർ | 1000 | 10000 |
| പാലക്കാട് | 700 | 7000 |
| മലപ്പുറം | 800 | 8000 |
| കോഴിക്കോട് | 1000 | 10000 |
| കണ്ണൂർ | 1000 | 10000 |
| വയനാട് | 200 | 2000 |
| കാസർഗോഡ് | 300 | 3000 |
| ആകെ | 10000 | 100000 |

ഈ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ എല്ലാ മാസവും 10–ാം തീയതിക്ക് മുമ്പായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ടാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**<u>സഹകരണ വകുപ്പ്-ഹരിതം സഹകരണം പദ്ധതി</u>**
**<u>സർക്കുലർ നമ്പർ 30/2018</u>**

| ജില്ല | വൃക്ഷതൈകൾ ഉത്പാദിപ്പിച്ച സംഘത്തിന്റെ പേര് | നട്ട തൈകളുടെ എണ്ണം | തൈകൾ നട്ട സ്ഥലം | ഇതുമായി ബന്ധപ്പെട്ട് നടത്തിയ ബോധവൽക്കരണ പരിപാടികൾ/ ചർച്ചാക്ലാസുകൾ എന്നിവയുടെ വിവരങ്ങൾ | ഇതുമായി ബന്ധപ്പെട്ട മറ്റ് പരിപാടികൾ |
|---|---|---|---|---|---|

ഒപ്പ്
ഡോ.ഡി. സജിത് ബാബു ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും
2. എല്ലാ അപ്പെക്സ് സ്ഥാപനങ്ങളുടെയും ഡയറക്ടർ മാർക്ക്
3. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ജനറൽ മാനേജർമാർക്ക്
4. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും/സംഘങ്ങൾക്കും/ബാങ്കുകൾക്കും. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
6. എഡിറ്റർ സഹകരണ വീഥി.
7. വെബ്സൈറ്റ്
8. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)